# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T8160** **17/07/2014-ൽ മറുപടിക്ക്**

## നേഴ്സ് കം ഫാർമസിസ്റ്റ് (ഹോമിയോ) കോഴ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | എ.കെ.ബി. മിഷൻ ട്രസ്റ്റ് മേപ്പയൂർ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിനും, അവർ നടത്തുന്ന നേഴ്സ് കം ഫാർമസിസ്റ്റ് (ഹോമിയോ) എന്ന കോഴ്സിനും സർക്കാർ അംഗീകാരമുണ്ടോ എന്നറിയിക്കാമോ ; | (എ) | എ.കെ.ബി. മിഷൻ ട്രസ്റ്റ് മേപ്പയൂർ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിനും, അവർ നടത്തുന്ന നേഴ്സ് കം ഫാർമസിസ്റ്റ് (ഹോമിയോ) എന്ന കോഴ്സിനും സർക്കാർ അംഗീകാരം ഉണ്ടായിരുന്നു. |
| (ബി) | പ്രസ്തുത കോഴ്സിന് ഈ സ്ഥാപനത്തിൽ മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്നതിന് എത്ര സീറ്റാണ് ഉള്ളതെന്നും ഇതിനായി എന്നുമുതലാണ് അപേക്ഷ സ്വീകരിക്കുന്നതെന്നും എപ്രകാരമാണ് അപേക്ഷ സ്വീകരിക്കുന്നതെന്നും വ്യക്തമാക്കാമോ ; | (ബി) & (സി) | ആകെ 60 സീറ്റുകൾ ഉള്ളതിൽ 30 സീറ്റുകൾ മാനേജ്മെന്റ് ക്വാട്ടയും, 30 സീറ്റുകൾ സർക്കാർ ക്വാട്ടയുമാണ്. 'സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി' സർക്കാർ കോളേജുകളിൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതിനാൽ ഡോ. എ.കെ.ബി. മിഷൻ ട്രസ്റ്റിലെ 2014-15 വർഷത്തെ NCP കോഴ്സിന്റെ പ്രവേശനം സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. |
| (സി) | ഈ സ്ഥാപനത്തിന്റെ പ്രവേശന നടപടികൾ സുതാര്യമല്ലെന്ന ആക്ഷേപമുള്ള സാഹചര്യത്തിൽ നേഴ്സ് കം ഫാർമസിസ്റ്റ് (ഹോമിയോ) കോഴ്സുകൾ സർക്കാർ ഹോമിയോ കോളേജുകളിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ